# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## കർദ്ദിനാൾമാരോട് സഭയുടെ സേവകരായിരിക്കാൻ ഫ്രാൻസീസ് പാപ്പാ



ഈശോയുടെയും സഭയുടെയും വഴി ഒന്നാണ്. കർദ്ദിനാൾമാർ സഞ്ചരിക്കേണ്ടത് ഈ വഴിയാണെന്ന് പാപ്പ. പുതിയ കർദ്ദിനാൾമാരുടെ നിയമനത്തിനുശേഷം സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ സംസാരിക്കുകയായിരുന്ന ഫ്രാൻസീസ് പാപ്പാ.

'മറ്റുള്ളവരെ ശുശ്രൂഷിക്കാനുള്ള സന്നദ്ധതയോടുകൂടിയാകണം കർദ്ദിനാൾമാർ മുന്നോട്ടു പോകേണ്ടത്. സഭയേയും വിശ്വാസത്തെയും പരിപോഷിപ്പിക്കേണ്ടത് അവരുടെ കടമയാണ്. തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ സൗജന്യമായി മറ്റുള്ളവർക്ക് നൽകണം. സഭയുടെ വഴി കരുണയുടെയും പുനരധിവാസത്തിന്റെതുമാണ്. ലോകത്തിന്റെ സഹനത്തിനു മുന്നിൽ നിഷ്ക്രിയമായിരിക്കാൻ സഭയ്ക്ക് കഴിയുകയില്ല. തന്റെ അടുക്കൽ സഹായമഭ്യർത്ഥിച്ച് വന്ന ആരെയും ക്രിസ്തു വെറുംകൈയോടെ മടക്കി അയച്ചില്ല. അവരുടെ സഹനത്തിലും കഷ്ടപ്പാടിലും പങ്കുചേരുകയാണ് അവിടുന്ന് ചെയ്തത്. ഇതേ വഴി ആയിരിക്കണം കർദ്ദിനാൾമാരും തിരഞ്ഞെടുക്കേണ്ടത്. കരുണയുള്ള ഒരു ഹൃദയം ക്രിസ്തുവിനുണ്ടായിരുന്നു. രോഗികൾ അവിടുത്തെ സ്പർശനത്തിലൂടെ സൗഖ്യം നേടി സുവിശേഷപ്രഘോഷകരായി മാറുകയാണ് ചെയ്തത്. പരിശുദ്ധ കന്യാമറിയത്തെ കർദ്ദിനാൾമാർ മാതൃകയാക്കണം.' ലോകത്തിന്റെ സുഖങ്ങളിൽ പെട്ടുപോകാതെ ദൈവത്തിന്റെയും സഭയുടെയും ദാസൻമാരായി പ്രവർത്തിക്കാനും പാപ്പാ കർദ്ദിനാൾമാരെ പ്രാർത്ഥനാപൂർവ്വം ആഹ്വാനം ചെയ്തു.